## (10) ഐ.റ്റി.സി. ജീവനക്കാരുടെ നിയമസഭാ മാർച്ച്

ശ്രീ. എളമരം കരീം : സർ, സംസ്ഥാനത്ത് ഐ.റ്റി.സി. ജീവനക്കാർ ഇന്ന് സമരം നടത്തി വരുകയാണ്. എൻ.സി.വി.റ്റി. യുടെ അംഗികാരത്തോടു കൂടി സംസ്ഥാനത്ത് ഏതാണ്ട് 450 ഓളം ഐ.റ്റി.സി. കൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഐ.റ്റി.സി. യിൽ അയ്യായിരത്തോളം അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. വളരെ തുച്ഛമായ വേതനമാണ് ഈ ജീവനക്കാർക്ക് ലഭിച്ചു വരുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്ര എംപ്ലോയ്മെന്റ് ഡയറക്ടർ കേരളത്തിലെ ഗവൺമെന്റ് ഐ.റ്റി.ഐ. കളിൽ അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളത്തിന്റെ 2/3 ഭാഗമെങ്കിലും സ്വകാര്യ ഐ.റ്റി.സി. കളിലെ അദ്ധ്യാപകർക്ക് നൽകണമെന്ന് ഒരു സർക്കുലർ വഴി നൽകുകയുണ്ടായി. ഈ നിർദ്ദേശം കേരളത്തിലെ എംപ്ലോയ്മെന്റ് ഡയറക്ടർ ഐ.റ്റി.സി. മാനേജുമെന്റുകൾക്ക് നൽകിയെങ്കിലും അവർ ഹൈക്കോടതിയിൽ പോയി ഒരു സ്റ്റേ വാങ്ങി. തുടർന്ന് ഇത് സംബന്ധിച്ച് കോടതിയിൽ നടന്ന ഒരു കേസിൽ ജീവനക്കാർക്ക് അനുകൂലമായി ഇപ്പോൾ ഉത്തരവുണ്ടാകുകയും ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഐ.റ്റി.സി. ജീവനക്കാർക്ക് കേന്ദ്ര എംപ്ലോയ്മെന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരമുള്ള ശമ്പളം നൽകാൻ വേണ്ട നിർദ്ദേശം ഐ.റ്റി.സി.കൾക്കും നൽകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ 31-ാമത് സമ്മേളനത്തിന്റെ ശുപാർശയനുസരിച്ച് സർക്കാർ ഐ.ടി.ഐ. കളിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സ്വകാര്യ ഐ.റ്റി.സി.കളിലെ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശം അവർ സ്വീകരിച്ചിട്ടില്ല. ഈ തീരുമാനം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 4-1-1997-ൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സ്വകാര്യ ഐ.റ്റി.സി.കളിലെ ചില സംഘടനകൾ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കുന്നത് തടയണം എന്നാവശ്യപ്പെട്ട് ഒ.പി. ഫയൽ ചെയ്യുകയും താൽക്കാലികമായി ബഹുമാനപ്പെട്ട ഹൈക്കോടതി അത് തടയുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒ.പി. യിൽമേൽ ഹൈക്കോടതി തീർപ്പ് കൽപ്പിച്ചപ്പോൾ പരാതിക്കാരുടെ അപേക്ഷ തള്ളിക്കളഞ്ഞു. ഇതിൻമേലുള്ള റിട്ട് അപ്പീലും കോടതി തള്ളിക്കളഞ്ഞു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly